ക്ലാസ്സ് 10

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
## Diploma Examination 2024-25

| |
|---|
| ആകെ മാർക്ക് : 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

### പാർട്ട് 1

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** 10×1=10

*(പ്രാർത്ഥന, വി. അന്തോണീസ്, 1954, വി. ഫ്രാൻസിസ് സേവ്യർ, 1953, പരിശുദ്ധാത്മാവ്, ജീവിതസാക്ഷ്യം, സുവിശേഷ പ്രഘോഷണം, മിശിഹാ, വി. ഫ്രാൻസീസ് അസ്സീസി, വി. പൗലോസ്, കൊർണേലിയോസ്, ദൈവവചനം, ദൈവൈക്യം, 1957, മിഷൻലീഗ്, എ.കെ.സി.സി., എസ്,എം,വൈ.എം., മൂന്നാം നൂറ്റാണ്ട്)*

1. പരിസ്ഥിതിയുടെ മദ്ധ്യസ്ഥൻ.
2. ഏകാന്തവാസ സന്യാസത്തിന്റെ പിതാവ്.
3. ക്രിസ്ത്യാനിയുടെ ഒന്നാമത്തെ മിഷൻ പ്രവർത്തനം.
4. പത്രോസിനെ ആളയച്ചു വരുത്താൻ ദർശനത്തിലൂടെ ദൈവം ആവശ്യപ്പെട്ട വിജാതീയൻ.
5. മനുഷ്യന്റെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം.
6. പാപങ്ങൾക്കുവേണ്ടി എന്നേയ്ക്കുമായുള്ള ഏകബലിയർപ്പിച്ചതാര്?
7. സഭാസമൂഹത്തെ രൂപപ്പെടുത്തുന്ന പൗരോഹിത്യ ധർമ്മം?
8. തലശ്ശേരി രൂപത സ്ഥാപിതമായ വർഷം?
9. സന്യാസ ജീവിതത്തിന്റെ പ്രഥമലക്ഷ്യം.
10. 'ഇടവകയിലൂടെ ലോകത്തെ നവീകരിക്കുക' എന്നത് ഏത് ക്രൈസ്തവ സംഘടനയുടെ മുദ്രാവാക്യമാണ്?

**പൂരിപ്പിക്കുക.** 5×1=5

11. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിതൈക ദൈവത്തിലുള്ള ജീവിതമാണ് ..........................................
12. ഈശോയുടെ കൂടെ ആയിരിക്കുന്നവൻ .......................................... പാലിക്കുന്നു
13. സ്നേഹത്തിന്റെ ഉദാത്തഭാവമാണ് ..........................................
14. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതനുസരിച്ച് ക്രിസ്തു ശിഷ്യന്റെ രണ്ട് അടയാളങ്ങളാണ് പരസ്നേഹം, ..........................................
15. മനുഷ്യസമൂഹത്തിന്റെ അടിത്തറയും, ആരംഭവുമായി ദൈവം സ്ഥാപിച്ച ബന്ധമാണ് ..........................................

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക.** 7×2=14

16. ഉത്ഥിതനായ ഈശോ ശിഷ്യഗണത്തെ ഏൽപ്പിച്ച ദൗത്യമെന്ത്?
17. മാർത്തോമ്മാ നസ്രാണികളുടെ സുവിശേഷവത്കരണ ശൈലിയുടെ രണ്ട് പ്രത്യേകതകൾ ഏവ?
18. വിവാഹ ഉടമ്പടിയുടെ ഉദ്ദേശമെന്ത്?
19. പിതാവിനാൽ അയയ്ക്കപ്പെട്ട ഈശോ തന്റെ പ്രേഷിതദൗത്യം പൂർത്തിയാക്കിയതെങ്ങനെ?
20. ഏലിയുടെ നിർദ്ദേശപ്രകാരം ബാലനായ സാമുവേൽ കർത്താവിന്റെ വിളിക്കു നൽകിയ ഉത്തരമെന്ത്?
21. സഭ വിശുദ്ധയും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവളുമാണെന്ന് പറയാൻ കാരണമെന്ത്?
22. ചെറുപുഷ്പ മിഷൻലീഗ് സ്ഥാപിതമായ വർഷവും സ്ഥലവും എഴുതുക.

**നാലോ അഞ്ചോ വാക്യത്തിൽ ആശയം വ്യക്തമാക്കുക.** 4×4=16

23. സഭ മിശിഹായുടെ തുടർച്ചയും ദൗത്യവാഹകയും
24. മതസംവാദം നല്ലൊരു മിഷൻ പ്രവർത്തനശൈലി
25. സ്നേഹം വിശുദ്ധിയുടെ അളവുകോൽ
26. കുടുംബം വിശ്വാസ പരിശീലനക്കളരി

**കുറിപ്പ് തയ്യാറാക്കുക. (ഏതെങ്കിലും ഒരെണ്ണം)** 1×5=5

27. പൗരോഹിത്യ ശുശ്രൂഷയുടെ വിവിധ മാനങ്ങൾ

*അല്ലെങ്കിൽ*

കുടുംബത്തിന്റെ പ്രേഷിത പ്രവർത്തന മാർഗ്ഗങ്ങൾ

**ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** 1×10=10

28. ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ സംഘടനകളുടെ പ്രസക്തി
*(15-ാം പാഠത്തെ ആസ്പദമാക്കി എഴുതുക.)*

*അല്ലെങ്കിൽ*

സമർപ്പിതരുടെ പ്രേഷിതദൗത്യം
*(പ്രാർത്ഥനയുടെ പ്രേഷിതത്വം, ഇടവകാ മതബോധനം, കുടുംബം)*

---

## പാർട്ട് 2

---

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.** 3×1=3

29. മതബോധനത്തിന്റെ ഉള്ളടക്കത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഘടകമേത്?
30. മാർപാപ്പയുടെ അപ്രമാദിത്വം വിശ്വാസ സത്യമായി പ്രഖ്യാപിച്ച സൂനഹദോസ്.
31. പരി. കന്യകാമറിയത്തെ ദൈവത്തിന്റെ അമ്മയെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ച സൂനഹദോസ്.
32. സന്തോഷത്തിന്റെ നാലാം രഹസ്യമെഴുതുക. 3
33. അന്യമതസ്ഥരുമായുള്ള വിവാഹജീവിതത്തിൽ സംഭവിക്കാവുന്ന പോരായ്മകൾ ഏവ? 3

**വചനം പൂർത്തിയാക്കുക.**

34. "കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ........................................................................ ഉണ്ടായിരിക്കട്ടെ."
(2 കൊറിന്തോസ് 13/13) 3
35. ദൈവത്തിന്റെ 6 ലക്ഷണങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക. 4
36. മാതാപിതാക്കൾ മക്കൾക്കു ചെയ്യേണ്ട ശുശ്രൂഷകളേവ? (ഉപപാഠപുസ്തകത്തെ അടിസ്ഥാനമാക്കി എഴുതുക.) 4